# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4574

13.11.2019-ലെ മറുപടി

## അമൃത് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.രാജു എബ്രഹാം<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ. ആൻസലൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിന്റെ കീഴിൽ ശുദ്ധജല വിതരണത്തിനായും സ്വീവറേജ് സംവിധാനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായും ആവിഷ്കരിച്ച വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; | (എ) | അമൃത് നഗരങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള കേരളത്തിലെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലും താഴെപ്പറയുന്ന പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു .<br><br>1. **ശുദ്ധജല വിതരണ മേഖല**<br><br>• 1069.53 കോടി രൂപയുടെ 176 പദ്ധതികൾക്ക് ഭരണാനുമതി നൽകി.<br>• 1067.12 കോടി രൂപയുടെ 174 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി.<br>• 1060.74 കോടി രൂപയുടെ 174 പദ്ധതികൾക്ക് ടെന്റർ ക്ഷണിച്ചിട്ടുണ്ട്.<br>• 978.72 കോടി രൂപയുടെ 163 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 33 പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്.<br><br>**2. ദ്രവ മാലിന്യ സംസ്കരണം (Sewerage & Septage sector)**<br><br>• 543.24 കോടി രൂപയുടെ 136 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• 480.58 കോടി രൂപയുടെ 134 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട് .<br>• സാങ്കേതികാനുമതി ലഭിച്ച 476.18 കോടി രൂപയുടെ 133 പദ്ധതികൾ ടെന്റർ ചെയ്തിട്ടുണ്ട്.<br>• 109.66 കോടി രൂപയുടെ 94 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട് . ഇതിൽ 38 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് . |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | പദ്ധതിയ്ക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതം എപ്രകാരമാണെന്ന് അറിയിക്കാമോ; | (ബി) | ആകെ പദ്ധതി തുകയുടെ 50% കേന്ദ്ര വിഹിതമായും 30% സംസ്ഥാന വിഹിതമായും 20% തദ്ദേശ സ്ഥാപന വിഹിതവുമായാണ് പദ്ധതിയുടെ ധന വിനിയോഗം. |
| (സി) | ജലവിതരണത്തിനായും സ്വീവറേജ് സംവിധാനങ്ങൾക്കായും നിലവിൽ എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; | (സി) | ഈ രണ്ട് സെക്ടറുകളിലുമായി 1612.77 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് . |
| (ഡി) | അമൃത് പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | അമൃത് പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച സ്റ്റോം വാട്ടർ ഡ്രെയിനേജ് , അർബൻ ട്രാൻസ്പോർട്ട് , പാർക്ക് എന്നീ സെക്ടറുകളിലെ എല്ലാ പദ്ധതികളും 2020 മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ശുദ്ധജല വിതരണം, സെപ്റ്റേജ് ആന്റ് സ്വിവറേജ് മാനേജ്മെന്റ്- എന്നീ സെക്ടറുകളിലെ പദ്ധതികൾ പൂർത്തീകരിക്കാൻ കൂടുതൽ സമയം ആവശ്യമാണ് . |

**സെക്ഷൻ ഓഫീസർ**